പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1048 — 12.12.12ൽ മറുപടിയ്ക്ക്

## പരവൂർ തെക്കുംഭാഗം, ആദിച്ചനെല്ലൂർ ചിറടൂറിസം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്.ജയലാൽ | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ തെക്കുംഭാഗം, ആദിച്ചനെല്ലൂർ ഗ്രാമപഞ്ചായത്തിലെ ആദിച്ചനെല്ലൂർ ചിറഭാഗം എന്നിവ ഉൾപ്പെട്ട പ്രദേശങ്ങളിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട അപേക്ഷകൾ ലഭിച്ചിരുന്നുവോ; | (എ) ലഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത അപേക്ഷ എന്നാണ് ലഭിച്ചതെന്നും, നാളിതുവരെ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും അറിയിക്കുമോ; | (ബി) സ്ഥലം എം.എൽ.എ ടൂറിസം വകുപ്പു മന്ത്രിയ്ക്ക് സമർപ്പിച്ച 28.06.2012 തീയതിയിലുള്ള നിവേദനവും ആദിച്ചനല്ലൂർ ചിറ സംബന്ധിച്ച് പഞ്ചായത്തിന്റെ 22.12.2011 ലെ നിവേദനവും ടൂറിസം ഡയറക്ടർ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുമായി ചേർന്ന് പരിശോധിച്ചു വരുന്നു. പരവൂർ--കാപ്പിൽ ബീച്ച് പ്രോജക്ട് നടപ്പാക്കുന്നതിനുള്ള ശ്രമങ്ങൾ നേരത്തേ ആരംഭിച്ചിരുന്നു. പ്രധാന തടസ്സം ഭൂമിയുടെ ദൗർലഭ്യമാണ്. പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുത്ത് തരണമെന്നാവശ്യപ്പെട്ട് 27.09.2011 ൽ പരവൂർ നഗരസഭയ്ക്ക് കൊല്ലം ഡി.റ്റി.പി.സി. കത്ത് നൽകിയതിൻ പ്രകാരം 22.11.2011 ൽ പരവൂർ നഗരസഭ. കോട്ടപ്പുറം വില്ലേജിൽ ഉൾപ്പെട്ട നിർദ്ദിഷ്ട പദ്ധതി ഭൂമി അളന്നു തിട്ടപ്പെടുത്തി അക്വയർ ചെയ്യാനുള്ള കൗൺസിൽ |

തീരുമാനം എടുത്തുവെങ്കിലും നാളിതുവരെ ടി ഭൂമി ഏറ്റെടുത്ത് നൽകിയിട്ടില്ല. ആദിച്ചനല്ലൂർ ചിറസംബന്ധമായ പ്രോജക്ടിനുള്ള ഡ്രോയിംഗ് തയ്യാറാക്കുന്നതിനായി ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ എംപാനൽഡ് ആർക്കിടെക്റ്റ് രണ്ടു പ്രാവശ്യം പദ്ധതി പ്രദേശം സന്ദർശിച്ച് ഡ്രോയിംഗ് തയ്യാറാക്കി പ്രോജക്ട് തയ്യാറാക്കുന്നതിനായി ഡി.റ്റി.പി.സി.യ്ക്ക് സമർപ്പിക്കുകയും ആയത്. പരിശോധിച്ചു വരികയുമാണ്.

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ചാത്തന്നൂർ മണ്ഡലത്തിലെ പൂതക്കുളം പഞ്ചായത്തിലെ കായൽതീരം, ആദിച്ചനല്ലൂർ ചിറ എന്നിവ ഉൾപ്പെടുത്തി വർക്കല-കൊല്ലം ടൂറിസം സർക്യൂട്ട് പദ്ധതിയ്ക്കായുള്ള പ്രോജക്ട് റിപ്പോർട്ട് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ തയ്യാറാക്കി വരുന്നു. |
| (ഡി) | പരവൂർ തെക്കുംഭാഗം, ആദിച്ച നെല്ലൂർ ചിറ ടൂറിസം പദ്ധതി നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ? | (ഡി) | പദ്ധതിയ്ക്കാവശ്യമായ ഭൂമി ലഭ്യമാവുകയാണെങ്കിൽ മാത്രമേ പരവൂർ-തെക്കുംഭാഗം ടൂറിസം പദ്ധതി നടപ്പിലാക്കാൻ കഴിയൂ. ആദിച്ചനല്ലൂർ ചിറ പദ്ധതി നിർദ്ദിഷ്ട വർക്കല-കൊല്ലം ടൂറിസം സർക്യൂട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ